## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ.ജോമോൻ കെ ജോർജ്ജ്, ബി.ടെക്)

**ഉത്തരവ് നം. ബി2- 165/2021/സി.ഇ തീയതി : 26/10/2022**

വിഷയം:- ജീവനക്കാര്യം - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിലെ സ്ഥാനക്കയറ്റം - സംബന്ധിച്ച്.

പരാമർശം -

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) മാരുടെ 58 തസ്തികകളാണുള്ളത്. ആയതിൽ 29 തസ്തികകൾ നേരിട്ടുള്ള നിയമനം വഴിയും 29 തസ്തികകൾ സ്ഥാനക്കയറ്റം വഴിയുമാണ് നികത്തേണ്ടത്. സ്ഥാനക്കയറ്റം വഴി നികത്തേണ്ട 29 തസ്തികകളിൽ 3 ഒഴിവുകൾ നിലവിലുണ്ട്. മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) / മൂന്നാം ഗ്രേഡ് ഓവർസിയർ (സിവിൽ) / ട്രേസർമാരിൽ യോഗ്യരായവരിൽ നിന്നും സ്ഥാനക്കയറ്റം വഴിയാണ് ടി ഒഴിവു നികത്തേണ്ടത്. മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)/ മൂന്നാം ഗ്രേഡ് ഓവർസിയർ (സിവിൽ) / ട്രേസർമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറും എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ട്രേസറുമായ ശ്രീമതി.രമ.കെ.ആർ-നാണ് സ്ഥാനക്കയറ്റത്തിന് അർഹത. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് എറണാകുളം ഡിവിഷൻ കാര്യാലയത്തിലെ ട്രേസർ ശ്രീമതി.രമ.കെ.ആർ നെ 31100-66800/- രൂപ ശമ്പള സ്കെയിലിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ആയി സ്ഥാനക്കയറ്റം നൽകി പുതിയാപ്പ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീമതി.രമ.കെ.ആർ (മേലധികാരി മുഖേന)

പകർപ്പ്:
1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് മദ്ധ്യ മേഖല / ഉത്തരമേഖല
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എറണാകുളം / കോഴിക്കോട് ഡിവിഷൻ
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പുതിയാപ്പ സബ് ഡിവിഷൻ
4. ചീഫ് എഞ്ചിനീയറുടെ സി.എ
5. ഐ.റ്റി.സെൽ
6. സ്റ്റോക്ക് ഫയലിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്